"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ചാലക്കുടി നഗരസഭ - സ്റ്റേഡിയം വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാധ്യത - വായ്പയെടുക്കാൻ നഗരസഭയ്ക്ക് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.3070/2022/LSGD തീയതി,തിരുവനന്തപുരം, 10-12-2022

---

പരാമർശം:- ചാലക്കുടി നഗരസഭാ അധ്യക്ഷന്റെ 27/10/2022 തീയതിയിലെ ആർ 3-12195/22 നമ്പർ കത്ത്

**ഉത്തരവ്**

ചാലക്കുടി നഗരസഭയുടെ സ്റ്റേഡിയം വികസനത്തിനായി ലാന്റ് അകിസിഷൻ നടപടികൾ പ്രകാരം കിഴക്കേ ചാലക്കുടി വില്ലേജിൽപെട്ട 3.07 ഏക്കർ സ്ഥലം അവാർഡ് നമ്പർ 1/2010 പ്രകാരം സർക്കാർ ഏറ്റെടുത്ത് നഗരസഭക്ക് കൈമാറിയിട്ടുളളതും എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചാലക്കുടി നഗരസഭ അർത്ഥനാധികാരി ആയിട്ടുളള LAR 22/10, 23/10 കേസുകളിൽ 30.09.2021 പ്രാബല്യത്തിൽ വിധിക്കടം തുകയിൽ 23,69,11,573/- കോടി രൂപയോളം ബാധ്യതയായി നിലനിൽക്കുന്നതുമാണ്. നഗരസഭയുടെ തനത് വരുമാനം 10 കോടി രൂപ മാത്രമാണെന്നിരിക്കെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15% പലിശയ്ക്ക് വിധി ഉടമക്ക് നൽകാൻ തനത് വരുമാനം കൊണ്ട് നഗരസഭയ്ക്ക് സാധിക്കുന്നതല്ല എന്നും പ്രസ്തുത കേസുകളുടെ വിധിക്കെതിരെ നഗരസഭ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയുണ്ടായെങ്കിലും അനുകൂലവിധി നേടിയെടുക്കാനായില്ല എന്നും മേൽ സൂചനയിലെ കത്ത് പ്രകാരം നഗരസഭാ അധ്യക്ഷൻ സർക്കാരിനെ അറിയിച്ചിരുന്നു.

2. നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം നഗരസഭാ ചെയർമാൻ, സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഉപസമിതി നടത്തിയ നെഗോസിയേഷൻ ചർച്ച പ്രകാരം നഗരസഭയുടെ സാമ്പത്തിക ഭദ്രത പരിശോധിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക് ഓഫർ ചെയ്ത സ്ഥാപനങ്ങളുടെ ഓഫറുകളും കോടതിയുടെ നിലവിലുള്ള പലിശയും ചാർട്ടേഡ് അക്കൗണ്ടന്റുമായി വിശകലനം ചെയ്തതിൽ പുതിയ ലോൺ എടുക്കുന്നതാണ് ലാഭകരമെന്നും. കുറഞ്ഞ നിരക്കിൽ വായ്പ തുക ലഭ്യമാക്കിയാലും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന നഗരസഭയ്ക്ക് വായ്പ തിരിച്ചടവും വെല്ലുവിളിയായി ഏറ്റെടുക്കേണ്ട സാഹചര്യമാണുള്ളത് എന്നതിനാൽ വായ്പ എടുക്കുന്നതിനു അനുമതി നൽകുന്നതൊപ്പം ലോൺ തിരിച്ചടവിനു തനത് ഫണ്ടിന് പുറമേ പൊതു ആവശ്യ ഫണ്ട്, വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവ കൂടി ഉപയോഗിക്കുന്നതിനുള്ള അനുമതി കൂടി നൽകണമെന്ന് നഗരസഭ അധ്യക്ഷൻ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നഗരസഭ സ്റ്റേഡിയം വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് വന്നിട്ടുള്ള

വൻ സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന്, സർക്കാരിന് യാതൊരു ബാധ്യതയും ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തി കേരള മുനിസിപ്പാലിറ്റി ആക്റ്റ് 297 വകുപ്പ് പ്രകാരം വായ്പ ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുന്ന മത്സരാധിഷ്ഠിതമായ ഏറ്റവും കുറഞ്ഞ പലിശ നിരക്കുകൾക്ക് വിധേയമായി, വായ്പ എടുക്കുവാൻ ചാലക്കുടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വികസനഫണ്ട് വായ്പാ തിരിച്ചടവിന് ഉപയോഗിക്കുന്നത് സംബന്ധിച്ച വിഷയം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
സെക്രട്ടറി, ചാലക്കുടി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ